സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ മാപ്പിൽ എല്ലാ സ്വകാര്യ ഭൂമികളും ഒഴിവാക്കപ്പെട്ടിരുന്നു. സ്വകാര്യഭൂമി പരിസ്ഥിതിലോല പ്രദേശത്തുനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 12 പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ സർവ്വേ നമ്പർ അടിസ്ഥാനമാക്കിയുള്ള അതിർത്തി വിവരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പരിസ്ഥിതിലോല മേഖലയിൽ സ്വകാര്യഭൂമി ഉൾപ്പെട്ടുവെന്ന ആവലാതികൾ പരിശോധിക്കാനോ തീർപ്പാക്കാനോ കഴിയുകയില്ല.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായശേഷമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാനാവൂ.

അടിസ്ഥാന സൗകര്യ വികസനം

197 (4532) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും വൈദ്യുതി, വെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഡിവിഷൻ തിരിച്ചു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) വനം വകുപ്പിന്റെ ഏതെങ്കിലും റേഞ്ചുകളിലോ സ്റ്റേഷനുകളിലോ വാഹനങ്ങൾ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ; എങ്കിൽ ഏതൊക്കെ റേഞ്ചുകളും സ്റ്റേഷനുകളുമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

സതേൺ സർക്കിൾ :- സതേൺ സർക്കിളിന് കീഴിലുള്ള ഡിവിഷനുകളിലെ ഫോറസ്റ്റ് റെയിഞ്ചുകളിലും സ്റ്റേഷനുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹൈറേഞ്ച് സർക്കിൾ :- ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ ഡിവിഷന്റെ കീഴിലുള്ള ദേവികുളം റെയിഞ്ചിൽ ബാത്ത്റൂം സൗകര്യം പരിമിതമാണ്. കൂടാതെ ടി കെട്ടിടം ചോർന്നൊലിക്കുന്നതുമാണ്. മൂന്നാർ റെയിഞ്ചിന്റെ പെട്ടിമുടി സ്റ്റേഷനിൽ വൈദ്യുതി കണക്ഷനോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. മൂന്നാർ ഡിവിഷന്റെ കീഴിലുള്ള നേര്യമംഗലം, ദേവികുളം, മൂന്നാർ, അടിമാലി റെയിഞ്ചുകളുടെ പരിധിയിൽ വരുന്ന സ്റ്റേഷനുകളിൽ ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ല. കോതമംഗലം ഡിവിഷനിലെ നാല് റെയിഞ്ചുകളിലായി ഒരു ഫോറസ്റ്റ് സ്റ്റേഷനും 9 സെക്ഷൻ ഓഫീസുകളും നിലവിലുണ്ട്. ടി ഓഫീസുകൾ പലതും പഴയ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ടി ഓഫീസുകളിൽ ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കൂടാതെ ടി ജീവനക്കാർക്ക് താമസത്തിന് ആവശ്യമായ ക്വാർട്ടേഴ്സുകളും നിലവിലില്ല. മാങ്കുളം ഡിവിഷന്റെ കീഴിലുള്ള 2 റെയിഞ്ചുകളിലും ലാന്റ് ഫോൺ, മൊബൈൽ നെറ്റ്വർക്ക്, ഇന്റർനെറ്റ് എന്നീ കണക്ഷനുകളില്ല.

സെൻട്രൽ സർക്കിൾ :- സെൻട്രൽ സർക്കിളിനു കീഴിലുള്ള മലയാറ്റൂർ ഡിവിഷന്റെ ഇടമലയാർ റെയിഞ്ചിൽപ്പെട്ട എണ്ണക്കൽ, പെരുമുഴി എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും, തുണ്ടത്തിൽ റെയിഞ്ചിന്റെ പരിധിയിലുള്ള ഇടമലയാർ, കരിമ്പാനി, ഭൂതത്താൻകെട്ട്, വടാട്ടുപാറ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും കാലടി റെയിഞ്ചിന്റെ പരിധിയിലുള്ള കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷനിലും, കോടനാട് റെയിഞ്ചിന്റെ പരിധിയിലുള്ള പെരുന്തോട്, മേയ്ക്കപ്പാറ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ചാലക്കുടി ഡിവിഷനിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

ഈസ്റ്റേൺ സർക്കിൾ :- ടി സർക്കിളിനുകീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ വരുന്ന കരുവാരക്കുണ്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിലുള്ള മുക്കാലി ഫോറസ്റ്റ് സ്റ്റേഷൻ, ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ, പൂറ്റാനിക്കാട് ഔട്ട്പോസ്റ്റ് എന്നിവിടങ്ങളിൽ കടിവെള്ള സൗകര്യം അപര്യാപ്തമാണ്.

നോർത്തേൺ സർക്കിൾ :- സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ ഇരുളം ഫോറസ്റ്റ് സ്റ്റേഷന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഇല്ലാത്തതും അവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയുമാണ്.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ :- ഫോറസ്റ്റ് റെയിഞ്ചുകളിൽ അടിസ്ഥാന സൗകര്യം നിലവിലുണ്ട്.

പ്രോജക്ട് ടൈഗർ സർക്കിൾ :- ടി സർക്കിളിന്റെ പരിധിയിലുള്ള റെയിഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യം ലഭ്യമാണ്.

വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ, പാലക്കാട് :- ടി സർക്കിളിന്റെ പരിധിയിലുള്ള റെയിഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യം ലഭ്യമാണ്.

(ബി) സതേൺ സർക്കിൾ :

തിരുവനന്തപുരം ഡിവിഷൻ	58,00,000 രൂപ
തെന്മല ഡിവിഷൻ	3,30,000 രൂപ
അച്ചൻകോവിൽ ഡിവിഷൻ	71,800 രൂപ
പുനലൂർ ഡിവിഷൻ	60,000 രൂപ
കോന്നി ഡിവിഷൻ	26,96,000 രൂപ
റാന്നി ഡിവിഷൻ	5,48,300 രൂപ

ഹൈറേഞ്ച് സർക്കിൾ :

മൂന്നാർ ഡിവിഷൻ	5,74,000 രൂപ
മറയൂർ ഡിവിഷൻ	Nil
കോട്ടയം ഡിവിഷൻ	2,09,38,027 രൂപ
കോതമംഗലം ഡിവിഷൻ	1,95,66,700 രൂപ
മാങ്കുളം ഡിവിഷൻ	55,16,069 രൂപ

സെൻട്രൽ സർക്കിൾ :

തൃശ്ശൂർ ഡിവിഷൻ	3,47,000 രൂപ
ചാലക്കുടി ഡിവിഷൻ	1,05,21,000 രൂപ
വാഴച്ചാൽ ഡിവിഷൻ	12,51,000 രൂപ
മലയാറ്റൂർ ഡിവിഷൻ	33,01,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈസ്റ്റേൺ സർക്കിൾ :

നിലമ്പൂർ നോർത്ത് ഡിവിഷൻ	1,31,000 രൂപ
നിലമ്പൂർ സൗത്ത് ഡിവിഷൻ	1,07,78,000 രൂപ
മണ്ണാർക്കാട് ഡിവിഷൻ	17,77,000 രൂപ
നെന്മാറ ഡിവിഷൻ	1,61,000 രൂപ
പാലക്കാട് ഡിവിഷൻ	Nil.

നോർത്തേൺ സർക്കിൾ :

സൗത്ത് വയനാട് ഡിവിഷൻ	6,26,868 രൂപ
നോർത്ത് വയനാട് ഡിവിഷൻ	2,94,302 രൂപ
കോഴിക്കോട് ഡിവിഷൻ	3,97,310 രൂപ
കണ്ണൂർ ഡിവിഷൻ	2,68,790 രൂപ
കാസർഗോഡ് ഡിവിഷൻ	31,52,000 രൂപ

എ.ബി.പി. സർക്കിൾ :

തിരവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ	Nil
ശെന്തരുണി വൈൽഡ് ലൈഫ് ഡിവിഷൻ	Nil

പ്രോജക്ട് ടൈഗർ സർക്കിൾ :

പെരിയാർ ഈസ്റ്റ് ഡിവിഷൻ	Nil
പെരിയാർ വെസ്റ്റ് ഡിവിഷൻ	6,52,839 രൂപ
മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ	12,77,378 രൂപ
ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ	2,91,936 രൂപ

വൈൽഡ് ലൈഫ്, പാലക്കാട് :

വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ	99,83,796 രൂപ
പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ	9,58,840 രൂപ
പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ	11,87,384 രൂപ
സൈലന്റ്വാലി വൈൽഡ് ലൈഫ് ഡിവിഷൻ	39,26,678 രൂപ
ആറളം വൈൽഡ് ലൈഫ് ഡിവീഷൻ	67,038 രൂപ

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ഇല്ലാത്ത സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

സതേൺ സർക്കിൾ:- പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ നിലവിലില്ല.

ഹൈറേഞ്ച് സർക്കിൾ:- മൂന്നാർ ഡിവിഷൻ - പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ, പെരിഞ്ഞാംകുട്ടി ഫോറസ്റ്റ് സ്റ്റേഷൻ മാങ്കുളം ഡിവിഷൻ - കടലാർ സെക്ഷൻ.

സെൻട്രൽ സർക്കിൾ:- മലയാറ്റൂർ ഡിവിഷൻ - കരിമ്പാനി - ജലദൗർലഭ്യം, കരിമ്പാനി, ഭ്രതത്താൻകെട്ട്, ഇടമലയാർ - വൈദ്യുതി സൗകര്യം ഇല്ല.

ഈസ്റ്റേൺ സർക്കിൾ :- നിലമ്പൂർ സൗത്ത് ഡിവിഷൻ - കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്.

മണ്ണാർക്കാട് ഡിവിഷൻ :- മുക്കാലി, ഷോളയൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും, പൂറ്റാനിക്കാട് ഔട്ട് പോസ്റ്റിലും കുടിവെള്ള സൗകര്യം അപര്യാപ്തമാണ്.

നോർത്തേൺ സർക്കിൾ :- സൗത്ത് വയനാട് ഡിവിഷൻ - ഇരുളം ഫോറസ്റ്റ് സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ ഇല്ലാത്ത ഫോറസ്റ്റ് സ്റ്റേഷനുകളുടേയും, റെയിഞ്ചുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

സതേൺ സർക്കിൾ :- അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ച്, കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റെയിഞ്ച്, ചേമ്പാല ഫോറസ്റ്റ് സ്റ്റേഷൻ.

ഹൈറേഞ്ച് സർക്കിൾ :- കോട്ടയം വന ഡിവിഷനിലെ അയ്യപ്പൻ കോവിൽ റെയിഞ്ച്, നഗരമ്പാറ റെയിഞ്ച്

സെൻട്രൽ സർക്കിൾ :- ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ച്, മലയാറ്റൂർ ഡിവിഷനിലെ ആനക്കുളം, ഏറുമുഖം, പെരുന്തോട്, എണ്ണക്കൽ, ഇടമലയാർ, വടാട്ടുപാറ സ്റ്റേഷനുകൾ.

വാഴച്ചാൽ ഡിവിഷനിലെ ചാർപ്പ റെയിഞ്ച്, ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ.

ഈസ്റ്റേൺ സർക്കിൾ :- മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ

പ്രോജക്ട് ടൈഗർ ഡിവിഷൻ :- പെരിയാർ വെസ്റ്റ് ഡിവിഷന്റെ പമ്പ റെയിഞ്ചിലെ മുക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ

വൈൽഡ്‌ലൈഫ് നോർത്തേൺ സർക്കിൾ :- പീച്ചി വൈൽഡ്‌ലൈഫ് ഡിവിഷനിലെ പീച്ചി റെയിഞ്ചിന്റെ ഒളകര ഫോറസ്റ്റ് സ്റ്റേഷൻ.

LIBRARY ARCHIVES Kerala Legislative Assembly